**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3821** **06-08-2021 - ൽ മറുപടിയ്ക്ക്**

**കായലോരങ്ങളിൽ കണ്ടൽക്കാട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണൊലിപ്പ് തടയുന്നതിനും കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനും കായലോരങ്ങളിൽ കണ്ടൽക്കാട്ടുകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves (60% CSS) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണൊലിപ്പ് തടയുന്നതിനും കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനും കായലോരങ്ങളിൽ കണ്ടൽക്കാട്ടുകൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകൾ ഉൾപ്പെടുന്ന വേമ്പനാട് റീജിയണിൽ കായലോരങ്ങളിൽ കണ്ടൽ തൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. കൂടാതെ കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലും കണ്ടൽ സംരക്ഷിക്കുന്നതിനും പുനരുജ്ജീവനത്തിനുമായുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. |
| (ബി) | കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | കണ്ടൽക്കാട്ടുകളുടെ സംരക്ഷണത്തിന് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് പുറമെ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീ-ബിൽഡ് കേരള സ്കീമിൽ ഉൾപ്പെടുത്തി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിയ്ക്കുകയാണ്. സ്വകാര്യവ്യക്തികളുടെ കൈവശം ഉള്ള കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000 രൂപാ നിരക്കിൽ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ